"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത് - ഇളവുകൾ അനുവദിച്ച് തുടർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്

G.O.(Rt) No.226/2020/F&P തീയതി,തിരുവനന്തപുരം, 30/04/2020

---

പരാമർശം:- 1 സ.ഉ(സാധാ)നം: 218/2020/മതുവ തീയതി 24.04.2020

2 ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ 27.04.20 ലെ ജി2/24595/19 നമ്പർ കത്ത്.

**ഉത്തരവ്**

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ മാർച്ച് 2 4 മുതൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിന് ശേഷം മത്സ്യബന്ധനവും മത്സ്യവിപണനവും നിയന്ത്രിതമായ രീതിയിലാണ് നടന്നു വരുന്നത്. സൂചന 1 ലെ ഉത്തരവ് പ്രകാരം കടൽ മത്സ്യബന്ധനത്തിൽ ഇളവുകൾ നൽകുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. സംസ്ഥാനത്ത് ലോക്ക്ഡൗൺ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച വരുന്ന സാഹചര്യത്തിലും, മത്സ്യം ഒരു അവശ്യ ആഹാരമാണെന്നത് പരിഗണിച്ചും 01/05/2020, 04/05/2020 തീയതികൾ മുതൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് രണ്ടു ഘട്ടമായി ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഇളവുകൾ അനുവദിച്ച് ഉത്തരവാകുന്നു.

എല്ലാ മത്സ്യബന്ധന യാനങ്ങളും പുറപ്പെടുന്നതിന് 24 മണിക്കൂർ മുൻപ് ബന്ധപ്പെട്ട ഫിഷറീസ് ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികളുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിശദ വിവരം നൽകേണ്ടതുമാണ്.

**ഒന്നാംഘട്ടം**

**(01/05/2020 മുതൽ നൽകുന്ന ഇളവുകൾ)**

1. തട്ടുമടി ഉൾപ്പെടെയുള്ള "ബോട്ട് സീൻ നെറ്റ്" ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിന് 32 അടി വരെ നീളമുള്ളതും 2 5 എച്ച്.പി വരെ എഞ്ചിൻ ഘടിപ്പിച്ചതും ഓരോ വള്ളത്തിലും പരമാവധി 5 മത്സ്യത്തൊഴിലാളികൾ മാത്രം ഉള്ളതുമായ രണ്ട് വള്ളങ്ങൾ വരെ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഇലക്ട്രിക്കൽ ലൈറ്റ് ഒരു കാരണവശാലും ഉപയോഗിക്കാൻ പാടുള്ളതല്ല.
2. കരമടി ഉൾപ്പെടെയുള്ള "ഷോർ സീൻ നെറ്റ്" ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിന്

കമ്പയുടെ ഓരോ അഗ്രത്തിലും 12 പേരിൽ അധികരിയ്ക്കുവാൻ പാടില്ലാത്തതും, വ്യക്തികൾ തമ്മിൽ കുറഞ്ഞത് ഒരു മീറ്റർ അകലം പാലിക്കേണ്ടതുമാണ്.

3. കേരള രജിസ്ട്രേഷൻ ഉള്ള 32 അടിക്ക് മുകളിൽ 45 അടി വരെ OAL വരുന്ന യന്ത്രവൽകൃത ബോട്ടുകൾക്ക് പരമാവധി 7 മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് ഏകദിന മത്സ്യബന്ധനത്തിൽ ഏർപ്പെടാവുന്നതാണ്.

**<u>രണ്ടാംഘട്ടം</u>**

**<u>(04/05/2020 മുതൽ നൽകുന്ന ഇളവുകൾ)</u>**

**<u>45 അടി മുതൽ 65 OAL വരെ ചുവടെ ചേർക്കും പ്രകാരം ഇളവുകൾ അനുവദിക്കാവുന്നതാണ്.</u>**

1. കേരള രജിസ്ട്രേഷൻ ഉള്ളതായ യന്ത്രവല്കൃത ബോട്ടുകൾക്ക് പരമാവധി 10 മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒന്നിടവിട്ട ദിവസങ്ങളിൽ ഏകദിന മത്സ്യബന്ധനത്തിൽ ഏർപ്പെടാവുന്നതാണ്. രജിസ്ട്രേഷൻ നമ്പർ ഒറ്റ അക്കത്തിൽ അവസാനിക്കുന്ന ബോട്ടുകൾ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലും ഇരട്ട അക്കത്തിൽ അവസാനിക്കുന്ന ബോട്ടുകൾ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലും മത്സ്യബന്ധനത്തിൽ ഏർപ്പെടാവുന്നതാണ്. വെള്ളിയാഴ്ച അവധിയുള്ള പ്രദേശങ്ങളിൽ രജിസ്ട്രേഷൻ നമ്പർ ഒറ്റ അക്കത്തിൽ അവസാനിക്കുന്ന ബോട്ടുകൾക്ക് ഞായറാഴ്ച മത്സ്യബന്ധനത്തിൽ ഏർപ്പെടാവുന്നതാണ്.

2 റിംഗ് സീനർ ഉൾപ്പടെയുള്ള എല്ലാ പരമ്പരാഗത യാനങ്ങൾക്കും ഇൻബോഡ് വള്ളങ്ങൾക്കും ഒന്നിടവിട്ട ദിവസങ്ങളിൽ ഏകദിന മത്സ്യബന്ധനത്തിൽ ഏർപ്പെടാവുന്നതാണ്. രജിസ്ട്രേഷൻ നമ്പർ ഒറ്റ അക്കത്തിൽ അവസാനിക്കുന്ന യാനങ്ങൾ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലും ഇരട്ട അക്കത്തിൽ അവസാനിക്കുന്ന യാനങ്ങൾ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലും മത്സ്യബന്ധനത്തിൽ ഏർപ്പെടാവുന്നതാണ്. വെള്ളിയാഴ്ച അവധിയുള്ള പ്രദേശങ്ങളിൽ രജിസ്ട്രേഷൻ നമ്പർ ഒറ്റ അക്കത്തിൽ അവസാനിക്കുന്ന യാനങ്ങൾക്ക് ഞായറാഴ്ച മത്സ്യബന്ധനത്തിൽ ഏർപ്പെടാവുന്നതാണ്. റിംഗ് സീൻ യാനങ്ങളിൽ പരമാവധി 20 മത്സ്യത്തൊഴിലാളികൾ മാത്രമേ പാടുള്ളൂ. എന്നാൽ വ്യക്തികൾ തമ്മിൽ സാമൂഹ്യ അകലം പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
TOM JOSE
CHIEF SECRETARY

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

പോലീസ് മേധാവികൾക്ക്

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്. (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ